"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ഹരിപ്പാട് ഐ.സി.ഡി.എസ്-ലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് ശ്രീ.അജയ് കുമാർ.ഡി.ജി-യ്ക്ക് 'തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും' അനുവദിച്ച് തിരുവനന്തപുരം ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് വനിത ശിശു വികസന ഡയറക്ടറേറ്റിൽ റെഗുലർ തസ്തികയിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.14/2025/WCDD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-
1. OP(RPWD) No.5302/S2/2022 നമ്പർ കേസിന്മേൽ ബഹു.കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 12.04.2023-ലെ ഉത്തരവ്.
2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ DWCD/1444/2023-E4 നമ്പർ കത്ത്.
3. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 08.04.2024, 12.08.2024, 07.11.2024, 15.02.2024, 15.02.2025, 26.05.2025 തീയതികളിലെ DWCD/1444/2023-E4 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള പി.എസ്.സി ജില്ലാതല നിയമന വ്യവസ്ഥ പ്രകാരം വനിത ശിശു വികസന വകുപ്പിന് കീഴിൽ ഹരിപ്പാട് ഐ.സി.ഡി.എസ്-ൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അജയ് കുമാർ.ഡി.ജി മാനസിക ഭിന്നശേഷിയുള്ള വ്യക്തിയാണെന്നും, ടിയാന് ക്ലാർക്ക്-ടൈപ്പിസ്റ്റ് ആയി ജോലി ചെയ്യാൻ കഴിയില്ലായെന്നും ആയതിനാൽ ടിയാനു ടൈപ്പിസ്റ്റായി 'തസ്തിക മാറ്റം' അനുവദിച്ച് വകുപ്പിന്റെ തിരുവനന്തപുരത്തെ ഏതെങ്കിലും ഓഫീസിൽ 60 ദിവസത്തിനകം നിയമനം നൽകണമെന്നും ബഹു.കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പരാമർശം (1) ഉത്തരവ് പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) ആലപ്പുഴ ജില്ലയിൽ 04.12.2017 പൂർവ്വാഹ്നം ക്ലാർക്ക്-ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിച്ച ശ്രീ.അജയ് കുമാർ.ഡി.ജി. നിലവിൽ ഹരിപ്പാട് ഐ.സി.ഡി.എസിൽ സേവനമനുഷ്ഠിച്ചു വരുന്നുവെന്നും പ്രൊബേഷൻ കാലയളവിനുള്ളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും, ടിയാൻ തിരികെ ജോലിയിൽ പ്രവേശിച്ച 05.03.2019 പൂർവ്വാഹ്നം തീയതി മുതൽ "Fresh Entrant" ആയി ജോലിയിൽ പ്രവേശിപ്പിച്ച് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ടെന്നും ടിയാളുടെ സർവ്വീസ് 05.03.2019 തീയതി പ്രാബല്യത്തിൽ റഗുലറൈസ് ചെയ്തിട്ടുണ്ടെന്നും എന്നാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലെന്നും ടിയാൻ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി ഓപ്ഷൻ

നൽ കിയിട്ടുണ്ടെന്നും നിലവിലെ സർക്കാർ ചട്ടങ്ങൾക്കനുസരിച്ച് ശ്രീ.അജയ് കുമാർ.ഡി.ജി-യ്ക്ക് 'തസ്തികമാറ്റം, ജില്ലാന്തര സ്ഥലംമാറ്റം' എന്നിവ അനുവദിക്കാൻ കഴിയാത്തതാണെന്നും ബഹു.ഭിന്നശേഷി കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കണമെങ്കിൽ നിലവിലെ സർക്കാർ ചട്ടങ്ങളിൽ ഇളവ് വരുത്തി 'തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും' അനുവദിക്കേണ്ടതുണ്ടെന്നും തിരുവനന്തപുരം ജില്ലയിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യം നിലനിൽക്കുന്നുവെന്നും ആയതിനാൽ ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) ശ്രീ.അജയ് കുമാർ.ഡി.ജി. സർവ്വീസിൽ പ്രവേശിച്ച സമയത്ത് ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഒന്നും ഹാജരാക്കിയിരുന്നില്ലെന്നും തുടർന്ന് തസ്തിക മാറ്റത്തിലൂടെ ടൈപ്പിസ്റ്റായി തിരുവനന്തപുരം ജില്ലയിൽ നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ച വേളയിലാണ് ഭിന്നശേഷിത്വം തെളിയിക്കുന്ന തിരുവനന്തപുരം മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള 07.09.2020 തീയതിയിലെ 3308/2018/MHC/TVM നമ്പർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും 30.04.2021 തീയതിയിലെ 179/2021/MHC/TVPM നമ്പർ ഡിസെബിലിറ്റി സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുള്ളതെന്നും തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ശ്രീ.അജയ് കുമാർ ഡി.ജി. ഹാജരാക്കിയിട്ടുള്ള ഭിന്നശേഷിത്വ സർട്ടിഫിക്കറ്റിൽ Mental Illness വിഭാഗത്തിൽ Recurrent Depressive Disorder മൂലം 40% ഭിന്നശേഷിത്വമുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ.അജയ് കുമാർ.ഡി.ജി ടൈപ്പിസ്റ്റിന്റെ ജോലി നിർവഹിക്കാൻ പ്രാപ്തനാണെന്നും വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ വനിത ശിശു വികസന ഡയറക്ടറേറ്റിൽ ടൈപ്പിസ്റ്റിന്റെ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാനു നിയമനം നൽകാവുന്നതാണെന്നും പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനത്തിൽ പ്രവേശിക്കുമ്പോൾ ഭിന്നശേഷിത്വം ഇല്ലാതിരിക്കുകയും തുടർന്ന് മാനസിക ഭിന്നശേഷിത്വം സംഭവിക്കുകയും ചെയ്ത് വനിത ശിശു വികസന വകുപ്പിന് കീഴിൽ ഹരിപ്പാട് ഐ.സി.ഡി.എസ്-ൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീഅജയ് കുമാർ.ഡി.ജി-യ്ക്ക് ബഹു.കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ ശിപാർശയും 2016-ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4)-ലെ വ്യവസ്ഥകളും അനുസരിച്ച് 'തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും' അനുവദിച്ച് നിലവിലെ ശമ്പളവും ആനുകൂല്യങ്ങളും സംരക്ഷിച്ചു കൊണ്ട് തിരുവനന്തപുരം ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് വനിത ശിശു വികസന ഡയറക്ടറേറ്റിൽ റെഗുലർ തസ്തികയിൽ ഒഴിവ് വരുന്നതു വരെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

ശ്രീ.അജയ് കുമാർ.ഡി.ജി, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ഹരിപ്പാട് ഐ.സി.ഡി.എസ് (വനിത ശിശു വികസന വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ) കേരളം തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (22.07.2023-ലെ ADV-B1/173/2023-P&ARD കുറിപ്പ് പ്രകാരം).

സാമൂഹ്യ നീതി വകുപ്പ് (10.11.2023-ലെ B1/215/2023/SJD കുറിപ്പ് പ്രകാരം).

നിയമ വകുപ്പ് (13.12.2023-ലെ OPN-D3/226/2023-LAW കുറിപ്പ് പ്രകാരം).

ധനകാര്യ വകുപ്പ് (19.02.2024-ലെ WCD-1/6/2024/FIN കുറിപ്പ് പ്രകാരം).

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3137).

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
സെക്ഷൻ ഓഫീസർ
Date: 21-07-2025 10:28:01

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-07-2025

ഫയൽ നം. വശിവിവ-എ2/85/2023/വശിവിവ. ഇനം നം: 3137

വിഷയം : വനിത-ശിശുവികസന വകുപ്പ് - വനിത ശിശു വികസന വകുപ്പിന് കീഴിൽ ഹരിപ്പാട് ICDS-ൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. അജയ് കുമാർ ഡി.ജി-യ്ക്ക് തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും അനുവദിച്ച് തിരുവനന്തപുരം ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് വനിത-ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനിത-ശിശുവികസന വകുപ്പ്.

18/7/25

AS (WCD)

3137

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | വശിവിവ-എ 2/85/2023-വശിവിവ |
| 2 | വകുപ്പ് | വനിത ശിശു വികസന (എ) വകുപ്പ് |
| 3 | വിഷയം | വനിത ശിശു വികസന വകുപ്പിന് കീഴിൽ ഹരിപ്പാട് ICDS-ൽ ക്ലാർക്ക് -ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അജയ് കുമാർ.ഡി.ജി-യ്ക്ക് തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും അനുവദിച്ച് തിരുവനന്തപുരം ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15.01.2025 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.സന്തോഷ് കുമാർ ടി കെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ.ഷർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09.07.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.07.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വനിത ശിശു വികസന വകുപ്പിന് കീഴിൽ ഹരിപ്പാട് ICDS-ൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അജയ് കുമാർ.ഡി.ജി-യ്ക്ക് 'തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും' അനുവദിച്ച് തിരുവനന്തപുരം ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള പി.എസ്.സി ജില്ലാതല നിയമന വ്യവസ്ഥ പ്രകാരം ഹരിപ്പാട് ICDS-ൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അജയ് കുമാർ.ഡി.ജി മാനസിക ഭിന്നശേഷിയുള്ള വ്യക്തിയാണെന്നും, ടിയാന് ക്ലാർക്ക്-ടൈപ്പിസ്റ്റ് ആയി ജോലി ചെയ്യാൻ കഴിയില്ലായെന്നും ആയതിനാൽ ടിയാനു ടൈപ്പിസ്റ്റായി 'തസ്തിക മാറ്റം' അനുവദിച്ച് വകുപ്പിന്റെ തിരുവനന്തപുരത്തെ ഏതെങ്കിലും ഓഫീസിൽ 60 ദിവസത്തിനകം നിയമനം നൽകണമെന്നും OP(RPWD) No.5302/S2/2022 നമ്പർ കേസിന്മേൽ കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണർ 12.04.2023-ലെ ഉത്തരവിൽ ശിപാർശ ചെയ്തിരുന്നു.

3. നിലവിലെ സർക്കാർ ചട്ടങ്ങൾക്കനുസരിച്ച് ശ്രീ.അജയ് കുമാർ.ഡി.ജി-യ്ക്ക് 'തസ്തികമാറ്റം, ജില്ലാന്തര സ്ഥലംമാറ്റം' എന്നിവ അനുവദിക്കാൻ കഴിയാത്തതാണെന്നും ബഹു.ഭിന്നശേഷി കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കണമെങ്കിൽ നിലവിലെ സർക്കാർ ചട്ടങ്ങളിൽ ഇളവ് വരുത്തി 'തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും' അനുവദിക്കേണ്ടതുണ്ടെന്നും മാത്രമല്ല തിരുവനന്തപുരം ജില്ലയിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ സൂപ്പർ ന്യൂമററിതസ്തിക സൃഷ്ടിക്കേണ്ട സാഹചര്യവും നിലനിൽക്കുന്നുവെന്നും ആയതിനാൽ ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കണമെന്നും വനിത ശിശു വികസന ഡയറക്ടർ

അഭ്യർത്ഥിച്ചിരുന്നു. ശ്രീ.അജയ് കുമാർ.ഡി.ജി ടൈപ്പിസ്റ്റിന്റെ ജോലി നിർവഹിക്കാൻ പ്രാപ്തനാണെന്ന് വനിത ശിശു വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. ശ്രീ.അജയ് കുമാർ.ഡി.ജി-യ്ക്ക് ടൈപ്പിസ്റ്റായി 'തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും' അനുവദിച്ച് തിരുവനന്തപുരം ജില്ലയിൽ നിയമിക്കുന്നതിന് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര, സാമൂഹ്യ നീതി, നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്**

ക്ലർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികകളിൽ നിയമിതരാകുന്നവർ പ്രമോഷന് ക്ലർക്കിന്റെ കേഡറിലോ ടൈപ്പിസ്റ്റിന്റെ കേഡറിലോ പരിഗണിക്കപ്പെടുന്നതിനായി സർവ്വീസിൽ പ്രവേശിച്ച് 6 മാസത്തിനുള്ളിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ് [സ.ഉ.(എം.എസ്)നം. 11/89/പി.&എ.ആർ.ഡി. തീയതി 25.04.1989]. പ്രസ്തുത സമയപരിധിക്കുള്ളിൽ ഓപ്ഷൻ സമർപ്പിക്കാത്തവരെ ടൈപ്പിസ്റ്റിന്റെ കേഡറിലാണ് പരിഗണിക്കുന്നത്. 31.05.1990-ലെ സ.ഉ.(പി)നം.20/90/പി.&എ.ആർ.ഡി. ഉത്തരവ് പ്രകാരം 5 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ ക്ലർക്ക്-ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ്- ക്ലർക്ക്-ന് മാത്രമേ യൂണിറ്റിനുള്ളിൽ എൽ.ഡി.ക്ലർക്ക് അല്ലെങ്കിൽ എൽ.ഡി. ടൈപ്പിസ്റ്റ് ആയി സീനിയോറിറ്റി നഷ്ടമില്ലാതെ കാറ്റഗറി മാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. 02/12/1991-ലെ സ.ഉ.(പി) നമ്പർ 36/91/ഉഭപവ ഉത്തരവ് പ്രകാരം ജില്ലാതല റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നവർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് റിക്രൂട്ട് ചെയ്യപ്പെട്ട ജില്ലയിൽ 5 വർഷ സേവനം പൂർത്തിയാക്കേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (5)-ൽ സഹതാപർഹമായ കേസുകളിൽ മേൽ വ്യവസ്ഥയിൽ ഇളവ് നൽകുന്ന കാര്യം പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ 2016-ലെ ഭിന്നശേഷി അവകാശനിയമത്തിലെ 20-ാം വകുപ്പ് പ്രകാരം ശ്രീ. അജയകുമാർ ഡി.ജി-യുടെ ആവശ്യം അനുവദിക്കാൻ കഴിയുമോ എന്ന

കാര്യത്തിൽ ഭരണവകുപ്പിന് സാമൂഹ്യനീതിവകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായം തേടി തീരുമാനമെടുക്കാവുന്നതാണ്.

**സാമൂഹ്യ നീതി വകുപ്പ്**

ഭിന്നശേഷി അവകാശ നിയമം 2016 സെക്ഷൻ 20(4) ഇപ്രകാരം വിവക്ഷിക്കുന്നു.

No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service:

Provided that, if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:

Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier.

ഹരിപ്പാട് ICDS-ൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അജയ് കുമാർ ഡി.ജി-യ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് ഭിന്നശേഷി അവകാശ നിയമം 2016-ലെ സെക്ഷൻ 20(4) പ്രകാരം ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നു വനിത ശിശുവികസന വകുപ്പിനെ അറിയിക്കുന്നു.

**നിയമ വകുപ്പ്**

2016-ലെ ഭിന്നശേഷി അവകാശനിയമത്തിലെ 20-(4)ാം വകുപ്പ് പ്രകാരം ഓരോ സർക്കാർ സ്ഥാപനങ്ങളും ജീവനക്കാർക്ക് service കാലയളവിൽ ഭിന്നശേഷിത്വം സംഭവിച്ച് പ്രസ്തുത തസ്തികയിൽ തുടരുന്നതിന് അനുയോജ്യനല്ലാതാകുന്ന സംഗതിയിൽ സമാനമായ pay scale and service benefits

നല്കപ്പെടുന്ന തസ്തികയിലേയ്ക്ക് shift ചെയ്യണമെന്നും അപ്രകാരം തസ്തികയിൽ adjust ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു supernumerary തസ്തിക സൃഷ്ടിച്ച് adjust ചെയ്യണമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രസ്തുത കേസിൽ ശ്രീ.അജയ് കുമാർ.ഡി.ജി നിയമിതനായതിനു ശേഷം മാനസിക ഭിന്നശേഷിത്തം സംഭവിച്ചതാണെന്നും ക്ലർക്ക്-ടൈപ്പിസ്റ്റ് ആയി ജോലി ചെയ്യാൻ കഴിയില്ലായെന്നും ഭരണവകുപ്പിന് ബോദ്ധ്യപ്പെട്ടുന്ന സംഗതിയിൽ 2016-ലെ ഭിന്നശേഷി അവകാശനിയമത്തിലെ 20- (4) ാം വകുപ്പ് പ്രകാരം ടിയാന് നിലവിലെ തസ്തിക സമാനമായ pay scale and service benefits നല്കപ്പെടുന്ന തസ്തികയായി shift ചെയ്തു നല്കേണ്ടതാണ് എന്നു ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്.

**ധനകാര്യ വകുപ്പ്**

Rights of Persons with Disabilities Act-2016 പ്രകാരം സർവീസിലിരിക്കെ തന്റെ തസ്തികയിലെ ചുമതലകൾ നിർവഹിക്കാൻ കഴിയാത്തവിധം മാനസികമോ/ശാരീരികമോ ആയ അവശത നേരിടുന്ന ഉദ്യോഗസ്ഥനെ ടിയാൻ വാങ്ങി വന്നിരുന്ന ശമ്പളവും ആനുകൂല്യങ്ങളും സഹിതം മറ്റ് ഏതെങ്കിലും തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കുകയോ ഒരു തസ്തികയുടെയും ജോലി നിർവഹിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാന്റെ വിരമിക്കൽ വരെ ടിയാന് അർഹമായ ശമ്പളവും സ്ഥാനക്കയറ്റം അടക്കം എല്ലാ ആനുകൂല്യങ്ങളും സഹിതം സർവീസിൽ നിലനിർത്തുകയോ ചെയ്യേണ്ടതാണ്. ആയതിനാൽ ബഹു. ഭിന്നശേഷി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.അജയ് കുമാർ.ഡി.ജി-യെ മറ്റ് ഏതെങ്കിലും തസ്തികയിൽ മാറ്റി നിയമിക്കുകയോ ഒരു തസ്തികയിലും നിലനിർത്താൻ കഴിയാതെ വരുന്ന പക്ഷം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഭിന്നശേഷി ആക്ടിന്റെ സംരക്ഷണം അനുവദിച്ച് സർവീസിൽ നിലനിർത്തുകയോ ചെയ്യുന്നത് സംബന്ധിച്ച് ഭരണവകുപ്പിനു ഉചിത തലത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

5. ആലപ്പുഴ ജില്ലയിൽ 04.12.2017 പൂർവ്വാഹ്നം ക്ലാർക്ക്-ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിച്ച ശ്രീ.അജയ് കുമാർ.ഡി.ജി. നിലവിൽ ഹരിപ്പാട് ഐ.സി.ഡി.എസിൽ സേവനമനുഷ്ഠിച്ചു വരുന്നുവെന്നും പ്രൊബേഷൻ കാലയളവിനുള്ളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും, ടിയാൻ തിരികെ ജോലിയിൽ പ്രവേശിച്ച 05.03.2019 പൂർവ്വാഹ്നം തീയതി മുതൽ "Fresh Entrant" ആയി ജോലിയിൽ പ്രവേശിപ്പിച്ച് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ടെന്നും ടിയാളുടെ സർവ്വീസ് 05.03.2019 തീയതി പ്രാബല്യത്തിൽ റഗുലറൈസ് ചെയ്തിട്ടുണ്ടെന്നും എന്നാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലെന്നും ടിയാൻ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി ഓപ്ഷൻ നൽകിയിട്ടുണ്ടെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

6. ശ്രീ.അജയ് കുമാർ.ഡി.ജി. സർവ്വീസിൽ പ്രവേശിച്ച സമയത്ത് ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഒന്നും ഹാജരാക്കിയിരുന്നില്ലെന്നും തുടർന്ന് തസ്തിക മാറ്റത്തിലൂടെ ടൈപ്പിസ്റ്റായി തിരുവനന്തപുരം ജില്ലയിൽ നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ച വേളയിലാണ് ഭിന്നശേഷിത്വം തെളിയിക്കുന്ന 30.04.2021 തീയതിയിലെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റും, 07.09.2020 തീയതിയിലെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുള്ളതെന്നും വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ വനിത ശിശു വികസന ഡയറക്ടറേറ്റിൽ ടൈപ്പിസ്റ്റിന്റെ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാനു നിയമനം നൽകാവുന്നതാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

7. വനിത ശിശു വികസന വകുപ്പിന് കീഴിൽ ഹരിപ്പാട് ICDS-ൽ ക്ലാർക്ക് -ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അജയ് കുമാർ.ഡി.ജി.-

യ്ക്ക് 'തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും' അനുവദിച്ച് ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് തിരുവനന്തപുരം ജില്ലയിൽ ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായിരുന്നു.

8. തുടർന്ന് 15.01.2025-ലെ മന്ത്രിസഭാ യോഗം ഈ വിഷയം പരിഗണിച്ചിരുന്നു. മന്ത്രിസഭാ യോഗ തീരുമാനം ചുവടെ ചേർക്കുന്നു.

**"ശ്രീ.അജയ് കുമാർ ഡി.ജി-യ്ക്ക് സേവനത്തിൽ പ്രവേശിക്കുമ്പോൾ തന്നെ ഭിന്നശേഷിത്വം ഉണ്ടായിരുന്നോ എന്നും, ഭിന്നശേഷിത്വം സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകളിലെ വിവരങ്ങളും ഉൾപ്പെടെ പരിശോധിച്ച ശേഷം വിശദ വിവരങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ കുറിപ്പുകൾ മന്ത്രി സഭായോഗം മുൻപാകെ കൊണ്ടുവരേണ്ടതാണ്."**

9. ശ്രീ.അജയ് കുമാർ ഡി.ജി. സാമൂഹ്യനീതി ഡയറക്ടറുടെ 27.11.2017-ലെ ഇ 4-11226/17 നം. ഉത്തരവ് പ്രകാരം ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച വേളയിൽ ഹാജരാക്കിയ Physical Fitness Certificate-ൽ **"cannot discover that he has any disease, bodily or constitutional affection"** എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ശ്രീ.അജയ് കുമാർ ഡി.ജി. സേവനത്തിൽ പ്രവേശിക്കുമ്പോൾ ഭിന്നശേഷിത്വം ഇല്ലായിരുന്നു എന്ന് മനസിലാക്കാമെന്നും ശ്രീ.അജയ് കുമാർ ഡി.ജി. സേവനത്തിൽ പ്രവേശിച്ചതിനു ശേഷം തസ്തിക മാറ്റത്തിലൂടെ ടൈപ്പിസ്റ്റായി തിരുവനന്തപുരം ജില്ലയിൽ നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ച വേളയിലാണ് ഭിന്നശേഷിത്വം തെളിയിക്കുന്ന 07.09.2020 തീയതിയിലെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും 30.04.2021 തീയതിയിലെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുള്ളതെന്ന് വനിത ശിശു വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

10. തിരുവനന്തപുരം മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും KSR Part II Rule 46(a) പ്രകാരമുള്ള 07.09.2020 തീയതിയിലെ 3308/2018/MHC/TVM നമ്പർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റാണ് ശ്രീ.അജയ് കുമാർ ഡി.ജി. ഹാജരാക്കിയിട്ടുള്ളത്. ടി സർട്ടിഫിക്കറ്റിൽ ചുവടെ പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

**"Ajaykumar D.G. does not appear to be completely and permanently incapacitated for further service of any kind in the department to which he belongs in consequence of Recurrent Depressive Disorder. Ajaykumar D.G. is fit for further service of less laborious nature than that which he has been doing. His incapacity does not appear to us to have been caused by irregular or intemperate habits."**

11. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ശ്രീ.അജയ് കുമാർ ഡി.ജി. ഹാജരാക്കിയിട്ടുള്ള 30.04.2021 തീയതിയിലെ 179/2021/MHC/TVPM നമ്പർ ഭിന്നശേഷിത്വ സർട്ടിഫിക്കറ്റിൽ **Mental Illness വിഭാഗത്തിൽ Recurrent Depressive Disorder മൂലം 40% ഭിന്നശേഷിത്വമുണ്ടെന്ന്** രേഖപ്പെടുത്തിയിട്ടുണ്ട്.

12. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ശ്രീ.അജയ് കുമാർ.ഡി.ജി ഹാജരാക്കിയിട്ടുമുള്ള 25.04.2025 തീയതിയിലെ 3308/18 നമ്പർ മെഡിക്കൽ സർട്ടിഫിക്കറ്റിൽ ചുവടെ ചേർക്കും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്

**"Ajay Kumar D. G was under treatment at Thiruvananthapuram mental Health Centre for Recurrent Depressive Disorder from 16.12.2018 to continuing. He had one admission in the hospital. He is continuing treatment in the centre as an outpatient. He needs continuous treatment for an indefinite period of time. Patient needs care and support of family for relief of mental illness."**

## തീരുമാനിക്കേണ്ട വിഷയം

സേവനത്തിൽ പ്രവേശിക്കുമ്പോൾ ഭിന്നശേഷിത്വം ഇല്ലാതിരിക്കുകയും തുടർന്ന് മാനസിക ഭിന്നശേഷിത്വം സംഭവിക്കുകയും ചെയ്ത വനിത ശിശു വികസന വകുപ്പിന് കീഴിൽ ഹരിപ്പാട് ICDS-ൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അജയ് കുമാർ.ഡി.ജി-യ്ക്ക് ബഹു.കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ ശിപാർശയും 2016-ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4)-ലെ വ്യവസ്ഥകളും അനുസരിച്ച് 'തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും' അനുവദിച്ച് നിലവിലെ ശമ്പളവും ആനുകൂല്യങ്ങളും സംരക്ഷിച്ച കൊണ്ട് തിരുവനന്തപുരം ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ റെഗുലർ തസ്തികയിൽ ഒഴിവ് വരുന്നതു വരെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാമോ?